പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3631 14/03/2017-ൽ മറുപടിയ്ക്ക്

**കുമാരി ഐശ്വര്യ രാധാകൃഷ്ണന് ആശ്രിത നിയമനം**

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച 17/02/2016 ലെ ജി.ഒ(എം.എസ്) നമ്പർ 46/2016/എച്ച് & എഫ്.ഡബ്ല്യു.ഡി സർക്കാർ ഉത്തരവ് പ്രകാരം കുമാരി ഐശ്വര്യ രാധാകൃഷ്ണനെ ആരോഗ്യ വകുപ്പ് ഡയറക്ടർ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | പ്രവേശിപ്പിച്ചിട്ടില്ല. |
| (ബി) | ആരാഗ്യ വകുപ്പ് ഡയറക്ടറുടെ EH4-62296/2015/DHS തീയതി 4.3.2016 ലെ ഫയലിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ? | (ബി) | ജി.ഒ(പി) നമ്പർ249/13/ജി.എ.ഡി, തീയതി 02/09/2013 പ്രകാരം ആശ്രിത നിയമനത്തിനുള്ള ക്ലാർക്കുമാരുടെ നിയമനത്തിനായി 356 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. അതിൽ 113 സൂപ്പർ ന്യൂമററി തസ്തികകൾ ആരോഗ്യ വകുപ്പിന് വേണ്ടിയുള്ളതായിരുന്നു. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയ ക്ലാർക്കുമാരുടെ നിയമനം നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള അനുപാതത്തിൽ ക്രമപ്പെടുത്തിയാൽ മാത്രമേ പുതിയ നിയമനങ്ങൾ നൽകാൻ കഴിയുകയുള്ളു. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ക്ലാർക്കായി നിയമനത്തിന് സർക്കാർ ഉത്തരവാകുകയും വകുപ്പിൽ നിന്നുള്ള നിയമന ഉത്തരവിനായി കാത്തു നിൽക്കുന്ന 183 പേർ അടങ്ങുന്ന പട്ടികയിൽ ശ്രീമതി.ഐശ്വര്യ രാധാകൃഷ്ണന്റെ ക്രമനമ്പർ 126 ആണ്. |

**സെക്ഷൻ ആഫീസർ**